# വെളിച്ചം

## ജൂൺ 26
## ലഹരി വിരുദ്ധ ദിനം

തണ്ടാനവിള :കുടശ്ശനാട് ഗവ. എസ്. വി.എച്ച്. എസ്. എസിൽ ജൂൺ 26ാം തീയതി ലഹരി വിരുദ്ധ ദിനം ആചരിച്ചു. ഇതിന്റെ ഭാഗമായി പ്രത്യേക അസംബ്ലി നടത്തുകയും ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും ചെയ്തു. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി അന്ന റേച്ചൽ വർഗീസ് ലഹരി വിരുദ്ധ സന്ദേശം നൽകി. തുടർന്ന് ഉഷ ടീച്ചർ





സംസാരിച്ചു. സ്കൂൾ പാർലമെന്റിൽ അംഗങ്ങളായ കുട്ടികൾ ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന ഫ്ലാഷ് മോബും കുമാരി ശ്രീലക്ഷ്മി യു.കെ നൃത്തവും അവതരിപ്പിച്ചു. തുടർന്ന് ലഹരി വിരുദ്ധ റാലി, ക്വിസ് മത്സരം, പോസ്റ്റർ രചന വീഡിയോ പ്രദർശനം എന്നിവയും നടത്തി. സ്കൂളും എക്സൈസ് വകുപ്പും ചേർന്ന് നടത്തുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി ചെങ്ങന്നൂർ റേഞ്ച് എക്സൈസ് ഓഫീസർ ശ്രീ.സജി കുമാർ കുട്ടികൾക്കായിബോധവൽകരണ ക്ലാസ് നടത്തി.

## ജൂലൈ 5
## ബഷീർ അനുസ്മരണ ദിനം

മലയാളത്തിലെ നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമരസേനാനിയുമായ ബേപ്പൂർ സുൽത്താൻ എന്ന അപരനാപരനാമത്തിൽ അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ അനുസ്മരണ ദിനം ജൂലൈ 5ാം തീയതി ആചരിച്ചു. പ്രത്യേക അസംബ്ലി നടത്തി. അസംബ്ലിയിൽ കുട്ടികൾ ബഷീർ, പാത്തുമ്മ എന്നിവരുടെ വേഷം ധരിച്ച് എത്തുകയും ചെയ്തു. ബഷീർ കൃതികളുടെ പ്രദർശനം, ക്വിസ് മത്സരം, ഡോക്യുമെന്ററി എന്നീ പരിപാടികൾ സംഘടിപ്പിച്ചു.



## ജൂലൈ 11
## ലോക ജനസംഖ്യാദിനം

ലോക ജനസംഖ്യാ ദിനത്തോടനുബന്ധിച്ച് പ്രത്യേക അസംബ്ലി നടത്തി. ഹെഡ്മിസ്ട്രസ് ശ്രീമതി. അന്ന ടീച്ചറും സോഷ്യൽ സയൻസ് അധ്യാപികയായ ശ്രീമതി. ഉമാദേവി എന്നിവർ സംസാരിച്ചു. തുടർന്ന് ക്വിസ് മത്സരം ഡോക്യുമെന്ററി എന്നിവ നടത്തി.

# ജൂലൈ 21

## ചാന്ദ്രദിനം

ചാന്ദ്രദിനത്തിന്റെ ഭാഗമായി പ്രത്യേക അസംബ്ലി നടത്തി. ക്വിസ് മത്സരം,പോസ്റ്റർ രചന,ചാന്ദ്രദിന പതിപ്പ് എന്നിവ തയ്യാറാക്കി.